"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - കവടിയാർ റോഡ് വികസനം - എൽ.എ.ആർ. 65/2008 നമ്പർ കേസിന്മേലുള്ള വിധിക്കടത്തുക അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.326/2023/LSGD തീയതി,തിരുവനന്തപുരം, 03-02-2023

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 24.06.2010 തീയതിയിലെ എൽ.എ.ആർ 65/2008-ലെ വിധിന്യായം.
2. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 22.08.2022, 16.11.2022, 06.01.2023 തീയതികളിലെ എ3/504/2008/ട്രിഡ നമ്പർ കത്തുകൾ
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28.11.2022 തീയതിയിലെ കെ18-74980/2011 നമ്പർ നടപടിക്രമം

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡ് വികസനവുമായി ബന്ധപ്പെട്ട് കവടിയാർ വില്ലേജിലെ സർവ്വേ നമ്പർ 2421/1 (LA Sy No.151)-ൽപ്പെട്ടതും ഡോ. ലിൻ ചെറിയാൻ കാവൂർ & ഡോ.ജെനി ലിൻ എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.10 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 65/2008 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക അടിയന്തരമായി കക്ഷികൾക്ക് അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡ് വികസനത്തിനായി കവടിയാർ വില്ലേജിലെ 0.10 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 65/2008 നമ്പർ കേസിൽ ബഹു. തിരുവനന്തപുരം സബ് കോടതിയുടെ പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 35,550/- രൂപ (മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി അൻപത് രൂപ മാത്രം) ഡോ.ലിൻ ചെറിയാൻ കാവൂർ & ഡോ.ജെനി ലിൻ എന്നിവർക്ക് "4217-60-800-93-Payment of compensation in LAR cases" എന്ന ശീർഷകത്തിൽ നിന്നും

അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ഡോ. ലിൻ ചെറിയാൻ കാവ്വൂർ & ഡോ.ജെനി ലിൻ, കാവ്വൂർ ഹൗസ്, T.C.No.4/2056, 289, വിക്രമപുരം ഹിൽ, പട്ടം പാലസ് പോസ്റ്റ്, കവടിയാർ വില്ലേജ്, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം
നിയമവകുപ്പ് (സ്യൂട്ട് II1/231/2022-LAW, dated 05/12/2022)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(File no.IA4/145/2022-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 03-02-2023 17:34:41
സെക്ഷൻ ഓഫീസർ